# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 14 August 2000 No. 5**


## എഡിറ്റോറിയൽ

ആനുകാലികമായി സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പലതും സമൂഹത്തെ മരവിപ്പിക്കുന്നതാണ്. രാഷ്ട്രീയ കക്ഷികളാണല്ലോ ഭരണരംഗത്തേക്കു വരുന്നതു. അവരുടെ സ്വാർത്ഥ ലാഭം കണക്കാക്കി നടപ്പാക്കുന്ന സമ്പ്രദായങ്ങൾ നിഷ്പക്ഷമായിരിക്കയില്ലല്ലോ. അതിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നവർ അനവധിയാണ്. വിദ്യാഭ്യാസത്തിനു പേരുകേട്ട സംസ്ഥാനമാണല്ലോ കേരളം. മറ്റു സംസ്ഥാനങ്ങൾ കേരളത്തെ മാതൃകയാക്കുന്ന കാര്യങ്ങളിൽ ഒന്നായിരുന്നു അത്. അറിവു മനുഷ്യ പുരോഗതിക്കു ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. പരിഷ്ക്കാരത്തിന്റെ പേരിലോ മറ്റെന്തിന്റെ പേരിലോ ആയാലും നടപ്പിലാക്കുന്ന കാര്യങ്ങൾ സാധാരണക്കാർക്കു ബുദ്ധിമുട്ട് ഉണ്ടാക്കാത്ത വിധത്തിൽ വേണം. പ്രതികരിക്കുന്നവർ ആരായിരുന്നാലും അതു അവരുടെ സ്വാർത്ഥതയോ വിജയമോ കരുതി ആവരുത്. പൊതു നന്മ ലാക്കാക്കി വേണം എതിർക്കുവാൻ. അഴിമതിയെയൊ നിയമംവിരുദ്ധമായ നടപടിയെയോ അക്രമം കൊണ്ടു എതിർക്കുന്നതു ആർക്കും ചേർന്നതല്ല. വിവേചനാ ശൂന്യമായ പ്രവർത്തികളിലേക്കു മനുഷ്യമനസുകൾ ചലിക്കുന്നതിന്റെ മൂലകാരണം കണ്ടെത്തണം.

മറ്റുള്ളവർക്കു പ്രയാസം ഉണ്ടാക്കുന്ന നിയമ പരിഷ്ക്കാരങ്ങൾ വേണ്ടെന്നു തീരുമാനിക്കാനുള്ള ധാർമ്മികമായ

ധൈര്യം ഉത്തരവാദിത്തപ്പെട്ടവർക്കു ഉണ്ടാകണം. സാമൂഹ്യ സേവനം പണ്ടൊക്കെ സത്യസന്ധതയിലും നീതിയിലും ഒതുങ്ങി നില്ക്കുന്നതായിരുന്നു. പക്ഷെ ഇന്നത്തെ അവസ്ഥ മാറിയിരിക്കയാണ്. അതുകൊണ്ടു ജനങ്ങൾക്കു അവരിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കയാണ്. ജനാധിപത്യ വ്യവസ്ഥ നിലനില്ക്കുന്ന നമ്മുടെ നാട്ടിൽ അതു സത്യസന്ധമായി പാലിക്കുന്നവർ എത്ര പേരുണ്ട് ? സംഘടിതമായ പോരാട്ടവും അക്രമവും വരുത്തുന്ന നാശനഷ്ടങ്ങൾ അനവധിയാണ്. അതിനിരയായി ഹോമിക്കപ്പെടുന്ന നിരപരാധികളുടെ ജീവൻ വേറെയും. ജനാധിപത്യത്തെ പരാജയപ്പെടുത്താനാണോ സംഘടനകൾ നിലകൊള്ളുന്നതു ? സമൂഹത്തിൻെറ നന്മയാണ് ഇവരുടെ ലക്ഷ്യമെങ്കിൽ അവർ ചെയ്യേണ്ടതു നന്മയും തിന്മയും വിവേചിച്ച്, സമൂഹത്തിൽ നിന്നു തിന്മ തുടച്ചു നീക്കണം. അനീതി, അഴിമതി, പക്ഷവാദം, അക്രമം എന്നിവ ഇല്ലാതമാക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. അല്ലാതെ സംഘടിക്കുന്നതു തെററിനെ ന്യായീകരിക്കാനോ ചൂഷണം ചെയ്യുന്നതിനോ ആകരുത്. ഇന്നത്തെ സാമൂഹ്യമായ പ്രവർത്തനങ്ങളിൽ എല്ലാം ഇതു കടന്നു കൂടിയിട്ടുണ്ട്. മതപരമായ വിഭാഗങ്ങളിലും ഇത്തരം അധർമ്മം നിലവിലുണ്ട്.

യുവാക്കളെ ആയുധമാക്കി എന്തിനും ഉപയോഗിക്കുന്ന ഒരു സ്ഥിതി ഇന്നു കാണപ്പെടുന്നുണ്ട്. യുവാക്കളും യുവതികളും അവരുടെ ബുദ്ധി ശക്തിയും കായികശേഷിയും ധാർമ്മികവും നീതിപൂർവ്വവുമായ രീതിയിൽ ഉപയോഗിക്കണം; സത്യത്തെ സത്യമായി കാണണം: ശുദ്ധവും അശുദ്ധവും തമ്മിൽ വേർതിരിച്ചു കാണണം. അവിടെയാണ് വിജയം. ധൈര്യവും ആവേശവുമെല്ലാം സാമൂഹ്യ നന്മക്കു വേണ്ടി മാത്രം ഉപയോഗിക്കണം.

★

# ആരാണ് പെന്തെകൊസ്തുകാരൻ ?

J. C. ചോട്ട്

അപരിചിതമായ ലോകത്തിലാണ് നാം ജീവിക്കുന്നതു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ധാരാളം പേർ അവരെത്തന്നെ പെന്തെകൊസ്തുകാർ എന്നു വിളിച്ചു വരുന്നു. പക്ഷെ ബൈബിളിൽ ഒരിടത്തും പെന്തെകൊസ്തുകാർ എന്നു ആരെയും വിവക്ഷിച്ചിട്ടില്ല. എത്ര പ്രാവശ്യം ബൈബിൾ വായിച്ച് നോക്കിയാലും അതു കാണാൻ സാദ്ധ്യമല്ല. ഇതു അത്ര ഗൗരവമായി എടുക്കണോ എന്നു സംശയിക്കുന്നവർ കണ്ടേക്കാം.

അബദ്ധവശാൽ ഈ ആളുകൾ യഹൂദ പെരുന്നാൾ ദിവസത്തെ എടുത്തിരിക്കയാണ്. പെന്തെകൊസ്തു എന്നു വിളിച്ചിരുന്ന ആ പെരുന്നാൾ ദിനത്തിലായിരുന്നു കർത്താവിൻെറ സഭ സ്ഥാപിച്ചതു. ഒരുകൂട്ടം ആളുകൾ അവരെയും അവരുടെ സഭയെയും ഈ പെരുന്നാൾ ദിനത്തിൻെറ പേരിൽ അറിയപ്പെടാൻ തുടങ്ങി. ദൈവം അതു ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല എന്നു തിരുവചന പഠനം നമ്മെ ബോദ്ധ്യപ്പെടുത്തും.

ക്രിസ്തു വാഗ്ദാനം ചെയ്തതായ പരിശുദ്ധാത്മാവിൻെറ ശക്തി അപ്പൊസ്തലന്മാരിൽ പകർന്നതു ആ ദിവസമായിരുന്നു. സഭയുടെ ആരംഭവും അന്നു തന്നെയായിരുന്നു. പക്ഷെ ആളുകൾ ഒരിക്കലും പെന്തെകൊസ്തുകാർ എന്നോ സഭയെ ഒരിക്കലും പെന്തെകൊസ്തു സഭ എന്നോ വിളിച്ചിരുന്നില്ല. ഇതു പറയുമ്പോൾ വിമർശനമോ കുററപ്പെടുത്തലോ ആയി എടുക്കരുത്. തിരുവചന പ്രകാരം ജീവിക്കാൻ ആഗ്രഹിക്കുന്നവർക്കും എഴുതിയിരിക്കുന്നതിനപ്പുറം ആരും ഭാവിക്കാതിരിക്കേണ്ടതിനും വേ

ങ്ങി സത്യം തുറന്നു പറയുന്നു. ആദിമ ശിഷ്യന്മാരെ ക്രിസ്ത്യാനികൾ എന്നാണ് വിളിച്ചിരുന്നത്. സഭ ധരിച്ചിരിക്കുന്നതു യേശുക്രിസ്തുവിന്റെ നാമമായിരുന്നു (പ്രവൃത്തി 11:26). ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ രക്ഷിക്കപ്പെടുവാൻ നല്കപ്പെട്ട വേറൊരു നാമവുമില്ല (പ്രവൃത്തി 4:12). പെന്തെകൊസ്തുകാർ എന്നു വിളിക്കുന്നവർ വചനം ശ്രദ്ധയോടെ പരിശോധിക്കാത്തതു കൊണ്ടായിരിക്കാം അങ്ങനെ അറിയപ്പെടുന്നത്. പെന്തെകൊസ്തു എന്ന വാക്കിന്റെ അർത്ഥം തന്നെ അമ്പതാം ദിവസം, എന്നാണ്. ഒരു പ്രത്യേക ഉദ്ദേശത്തിനു വേണ്ടി ആഘോഷിക്കാൻ പറഞ്ഞതാണ് ആ ദിവസം.

ബൈബിളിലെ ഓരോ പേരിലായാലും അതിന്റെ അർത്ഥവും ഉദ്ദേശവും നാം മാററരുത്. പെന്തെകൊസ്തുകാർ എന്നു വിളിക്കുന്നവർ അധികപങ്കും ആ ദിവസത്തിൽ സംഭവിച്ച പലകാര്യങ്ങളും പരിശോധിക്കാതിരിക്കുന്നു. അവർ തിരുവചനത്തെ ശ്രദ്ധിച്ചു വായിച്ച് മനസിലാക്കാത്തതു നിമിത്തം തെററായ ധാരാളം ഉപദേശങ്ങളേയും അനുകരിക്കുന്നു. പരിശുദ്ധാത്മാവ്, അന്യഭാഷ, അത്ഭുതങ്ങൾ എന്നിവ ചിലതുമാത്രമാണ്. മററു പലരും ചെയ്യുന്നതുപോലെ ബൈബിളിലെ ഏതെങ്കിലും വാക്യത്തെ ആസ്പദമാക്കി അവരുടേതായ ഉപദേശ സിദ്ധാന്തം ഉണ്ടാക്കുന്നു. ഇതു എവിടെ കൊണ്ടെത്തിക്കും എന്നോർക്കുമ്പോഴാണ് വിഷമം. അതുകൊണ്ട് സത്യ വചനത്തിനു കീഴ്പ്പെടുകയാണ് വേണ്ടതു. ആത്മിയ കാര്യങ്ങളിൽ ഒന്നും നിസാരമായി തള്ളിക്കളയാവുന്നതല്ല. ഒരു വാക്യമായാലും ഒരു പ്രസ്താവനയായാലും നാം അതിന്റെ അർത്ഥവും ബൈബിളിലെ ഉപയോഗവും അറിയേണ്ടതുണ്ട്. ദൈവ വചന പരിജ്ഞാനം ഉണ്ടെങ്കിൽ കാര്യങ്ങൾ മനസിലാക്കാൻ എളുപ്പമായിരിക്കും.

★ വർഷങ്ങളായി, ഇവർ വിഭജിച്ച് പല നാമധേയത്തിൽ അറിയപ്പെടുന്നു. അവരുടെ വിശ്വാസത്തിലും ഉ

പദേശത്തിലും ചെറിയ ചെറിയ വ്യത്യാസങ്ങൾ ഉണ്ട്. എന്നാൽ എല്ലാവരും പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണെന്നു അവകാശപ്പെടുന്നുണ്ട്. ഭിന്നിപ്പിന്റേയും കലഹത്തിന്റേയും ഉത്തരവാദി ഒരിക്കലും ദൈവമല്ല (1 കൊരിന്ത്യർ 1:10: 14:33; റോമർ 16:17). ദൈവികത്വത്തിലെ ഒരു വ്യക്തിയായ പരിശുദ്ധാത്മാവു ഒരിക്കലും ഭിന്നിപ്പിനെ അനുകൂലിക്കുന്നില്ലല്ലോ. അതുപോലെ വ്യത്യസ്ഥവും അന്യവുമായ നാമധേയത്തിൽ അറിയപ്പെടാനും ദൈവാത്മാവ് പ്രബോധിപ്പിക്കയില്ല.

★ അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മ സ്നാനം ലഭിച്ചതിനാൽ എല്ലാ വിശ്വാസികൾക്കും അതു ലഭിക്കുമെന്നു അവർ പഠിപ്പിക്കുന്നു. ഈ സ്നാനത്തിനായി കാത്തിരുന്നു പ്രാർത്ഥിക്കാനായി അവർ ആളുകളെ പഠിപ്പിക്കുന്നു. പെന്തെകൊസ്തു നാളിൽ വിശ്വസിച്ചവരായ ആളുകളോടു അപ്പൊസ്തലന്മാർ കാത്തിരിക്കാനോ പ്രാർത്ഥിപ്പാനോ ആവശ്യപ്പെട്ടില്ല. അവരോടു മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുവാനാണ് കല്പിച്ചത്. ഇതു അവർ കണ്ടില്ലെന്നുണ്ടോ ? (പ്രവൃത്തി 2:38, 8:36). പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിക്കുവാൻ തിരുവെഴുത്തിൽ ഒരു ഭാഗത്തും പറഞ്ഞിട്ടില്ല എന്നതാണ് വാസ്തവം.

★ ആളുകൾ ഇന്നു അന്യഭാഷയിൽ സംസാരിക്കണമെന്നും അവർ പഠിപ്പിക്കുന്നുണ്ട്. ദൈവത്തിനും ഏതാനും ദൈവശ്വാസീയരായ വ്യാഖ്യാനികൾക്കും മാത്രം മനസിലാകുന്ന സ്വർഗ്ഗീയ ഭാഷയാണതെന്നും അവർ പറയുന്നു. എന്നാൽ അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ അന്യഭാഷ സംസാരിച്ചവർ ഗലീലക്കാരായിരുന്നു എന്നും കേട്ടവർക്കു അവരവരുടെ സ്വന്തഭാഷകളിൽ മനസിലായി എന്നും പറയുന്നതു അവർ വിട്ടുകളയുകയാണോ ?

★ അന്നു അപ്പൊസ്തലന്മാർ ചെയ്തതുപോലെ ഇന്നും ആളുകാംക്കു അത്ഭുതങ്ങരം പ്രവർത്തിപ്പാൻ കഴിയും എന്നാണ് അവർ പഠിപ്പിക്കുന്നതു. കാരണം അവർക്കു അപ്പൊസ്തലന്മാരെപോലെ പരിശുദ്ധാത്മ സ്നാനം ലഭിച്ചിരിക്കുന്നു. എന്നാണ് അവരുടെ പക്ഷം. പെന്തെകൊസ്തു നാളിൽ പാപമോചനത്തിനായി സ്നാനമേററ എല്ലാവർക്കും പരിശുദ്ധാത്മാവു ലഭിച്ചുവെങ്കിലും അവർക്കു അത്ഭുതം ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല എന്ന കാര്യം അവർ മറക്കുന്നു (പ്രവൃത്തി 2:38; 5:32). അപ്പൊസ്തലന്മാരുടെ കയ്യാലാണ് ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നതു (പ്രവൃത്തി 5:12). അപ്പൊസ്തലന്മാരുടെ കൈവെയ്പും പ്രാർത്ഥനയും അത്ഭുത വരങ്ങരം ലഭിക്കുന്നതിനു ആവശ്യമായിരുന്നു.

പരിശുദ്ധാത്മാവു നിറഞ്ഞവരായിരുന്നിട്ടും അവർക്കു അത്ഭുതം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അപ്പൊസ്തലന്മാർ അവരുടെമേൽ കൈ വെച്ചു പ്രാർത്ഥിച്ചപ്പോഴാണ് അവർക്കു അത്ഭുതവരങ്ങരം ലഭിച്ചത് (പ്രവൃത്തി 6:6). അതിനു ശേഷം അവർക്കു അത്ഭുതങ്ങരം ചെയ്യാൻ കഴിഞ്ഞു (പ്രവൃത്തി 6:8). പുതിയ നിയമം മുഴുവൻ വായിച്ചാലും അപ്പൊസ്തലന്മാരിൽ കൂടെ തിരഞ്ഞെടുത്ത കുറെ പേർക്കല്ലാതെ അത്ഭുത വരങ്ങരം കൊടുത്തിരുന്നില്ല (പ്രവൃത്തി 8:18; 1 കൊരിന്ത്യർ 12).

വിശ്വാസമുള്ളവർക്കു ഈ അത്ഭുതവരങ്ങരം ഉണ്ടാകും എന്നാണ് അവർ പഠിപ്പിക്കുന്നതു. അതായതു അന്യഭാഷയിൽ സംസാരിക്കാനും അത്ഭുതം ചെയ്യാനും, രോഗസൗഖ്യം വരുത്തൽ, അനുഗ്രഹിക്കൽ, എന്നിവ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നടക്കും എന്നതാണ് അവരുടെ ഉപദേശം.

അവർ മറക്കുന്ന കാര്യമെന്തെന്നാൽ, ഭൗതികമായതോ ലൗകികമായതോ ആയ ധനം ഒരിക്കലും പരിശുദ്ധാത്മാ

വിന്റെ വാഗ്ദാനത്തിൽ പെടുന്നില്ല. ഒന്നാം നൂററാണ്ടിൽ അത്ഭുതങ്ങളും വീര്യപ്രവർത്തികളും നടത്തിയതു ആളുകളെ വിശ്വസിപ്പിക്കേണ്ടതിനായിരുന്നു (മർക്കൊസ് 16:20). വിശ്വാസികളെ സൗഖ്യമാക്കുന്നതിനു വേണ്ടിയായിരുന്നില്ല. തിമൊഥെയൊസിനു അജീർണ്ണമുണ്ടായിരുന്നു 2 തിമൊഥെയൊസ് 5:23). പൌലൊസിനു ജഡത്തിൽ ഒരു ശൂലമുണ്ടായിരുന്നു (2 കൊരിന്ത്യർ 12:7). ത്രോഫിമൊസിനെ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോയി (2 തിമൊഥെയൊസ് 4:20). മരിക്കത്തക്ക ദീനം പിടിച്ചവനായിരുന്ന എപ്പഫ്രൊദിത്തൊസ് (ഫിലിപ്പിയർ 2:27) ഈ രോഗികളിൽ ഒന്നിലും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ രോഗ സൗഖ്യം വരുത്തിയില്ല. പെന്തെകൊസ്തുകാർ നിരവധി ഉപദേശങ്ങളും അവകാശങ്ങളും നടത്തുന്നുണ്ട്. അവയിൽ മിക്കതും തിരുവെഴുത്തിനു വിരുദ്ധമാണ്.

വാസ്തവത്തിൽ പെന്തെകൊസ്തുകാർ പരിശുദ്ധാത്മ ശക്തിയാലാണ് പ്രവർത്തിക്കുന്നതെങ്കിൽ, ആത്മാവിനാൽ ഉറപ്പിച്ചതായ വചനത്തിനു വിരുദ്ധമായി ഉപദേശിക്കുന്നതെങ്ങനെ ? പ്രവർത്തിക്കുന്നതെങ്ങനെ ? കർത്താവിന്റെ സഭ പെന്തെകൊസ്തു സഭ എന്ന പേരിൽ അറിയപ്പെടുന്നുമില്ല. അവന്റെ ആളുകൾ പെന്തെകൊസ്തുകാർ എന്നു അറിയപ്പെടുന്നുമില്ല. ഞങ്ങൾ പുതിയ നിയമത്തിനു വിരുദ്ധമായ ഉപദേശങ്ങളോ പരിശീലനങ്ങളോ നടത്തുന്നില്ല. വചനപ്രകാരം വെള്ളത്തിൽ യഥാർത്ഥ സ്നാനം ഏല്ക്കുമ്പോൾ ദൈവം തന്റെ ആത്മാവിനെ ആ വ്യക്തിയുടെ ഹൃദയത്തിൽ വസിപ്പാൻ നല്കുന്നു. അങ്ങനെ അയാൾ ജീവനുള്ള ദേഹിയായി തീരുന്നു. വീണ്ടും ജനനത്താൽ ക്രിസ്തുവിനോടു ഏകീഭവിക്കുന്നവർ അവന്റെ ശരീരമാകുന്ന സഭയിലാകുന്നു (റോമർ 6:3-6; 8:11).

★

# ശരിയായ കാര്യങ്ങൾ പഠിക്കൽ

വാൻസ് ഹട്ടൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## നമുക്കു അനുസരണം പഠിക്കണം

ഈ കാര്യത്തിലും നാം യേശുക്രിസ്തുവിന്റെ മാതൃകയാണ് എടുക്കേണ്ടത്. യേശു ദൈവമായിരുന്നു; അതേ സമയം മനുഷ്യനുമായിരുന്നു (യോഹന്നാൻ 1:1,14). കഷ്ടതയിൽ കൂടെ അനുസരണം പഠിച്ചവനായിരുന്നു മനുഷ്യപുത്രനായിരുന്ന യേശു (1 തിമൊഥെയൊസ് 2:5). തന്റെ കർത്തവ്യവും അനുസരണവും അവൻ പഠിച്ചു (എബ്രായർ 5:8). പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതായിരുന്നു അവന്റെ ഇഷ്ടം (യോഹന്നാൻ 6:38). അവൻ ചെയ്ത കാര്യങ്ങളെല്ലാം പിതാവിനെ പ്രസാദിപ്പിക്കുന്നതായിരുന്നു (യോഹന്നാൻ 8:29). യേശു ഈ ഭൂമിയിലേക്കു വന്നതു തന്നെ പിതാവിന്റെ ഇഷ്ടം നിറവേററുന്നതിനായിരുന്നു (യോഹന്നാൻ 6:38). അവസാനത്തോളം അവൻ അനുസരണം പഠിച്ചിരുന്നു. നാമും എപ്പോഴും അനുസരിക്കാൻ ശീലിക്കണം. ദൈവകൃപ ആസ്വദിക്കാൻ കഴിയുന്നതു അനുസരണമുള്ളവർക്കാണ് (മത്തായി 7:21). അനുസരിക്കുന്നവർക്കാണ് സ്വർഗ്ഗത്തിലേക്കു പോകുവാനുള്ള അവകാശം (വെളിപ്പാട് 22:14). മനുഷ്യരേക്കാൾ നമുക്കെല്ലാവർക്കും ദൈവത്തെ അനുസരിക്കാം (പ്രവൃത്തി 5:29). നാം അനുസരണം പഠിക്കുമ്പോൾ നാം ഒരു രത്നം നേടുകയാണ്.

## നന്മ ചെയ്യുവാൻ നാം പഠിക്കണം

നാം ചെയ്യുന്ന പ്രവർത്തി മററുള്ളവർക്കു ഉപകാര പ്രദമാവുകയും അതേ സമയം ദൈവ കല്പനക്കു വിധേയവുമായിരിക്കണം.

★

# വാസ്തവത്തിൽ ഉപദേശത്തിനു അത്ര പ്രാധാന്യമുണ്ടോ ?

**ജെയിംസൺ റോബർട്ട്**

ഉപദേശങ്ങളെ കുറിച്ചുള്ള പ്രസംഗം നിർത്തി യേശു ക്രിസ്തുവിനെ കുറിച്ചു കൂടുതൽ പ്രസംഗിച്ചുകൂടെ എന്ന ചോദ്യം ചിലരിൽ നിന്നു അലയടിച്ചു ഉയരുന്നുണ്ട്. ഇതു ആത്മാർത്ഥതയുള്ള സുവിശേഷകരെ വേദനിപ്പിക്കുന്നതു കൂടാതെ യേശുവിൻെറ സന്ദേശത്തെ തന്നെ എതിർക്കുന്നതായി വരുന്നു. ഒരുപക്ഷെ അവർ ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന ഉപദേശം എന്ന വാക്കിൻെറ അർത്ഥം തെററായി ധരിച്ചിരിക്കാം. ക്രിസ്തുവിൻെറ ജനനം, മരണം, അടക്കം, ഉയിർപ്പ് എന്നിവക്കപ്പുറമായി കേരംക്കുന്നതെല്ലാം ചിലർക്കു ഉപദേശമാണ്. വിവാഹം, ഉപേക്ഷണം, സ്ത്രീയുടെ പങ്ക്, പുതിയ നിയമാരാധന എന്നിവയെല്ലാം ഉപദേശ പ്രസംഗങ്ങളായി എണ്ണപ്പെടുന്നു. ഈ വേർതിരിവ് രണ്ടു കാരണങ്ങളാൽ ഉപദ്രവകാരിയാണ്. ഒന്നാമതായി, യേശുവിൻെറ ഉപദേശത്തെ, സ്വന്ത മുൻഗണനക്കായി അയാരം മാററുന്നു എന്നതാണ് കാരണം. ക്രിസ്തുവിൻെറ സന്ദേശങ്ങളെ മുഴുവനും നാം ഇഷ്ടപ്പെടണം. രണ്ടാമതായി സുവിശേഷത്തിൽ ഉപദേശവും ഉപദേശത്തിൽ സുവിശേഷവും അടങ്ങിയിരിക്കുന്നു എന്ന കാര്യം അവർ വിസ്മരിക്കുന്നു (റോമർ 1:5; 6:17). ഉപദേശത്തിനു അത്ര പ്രാധാന്യമുണ്ടോ ? ഉപദേശം എന്ന വാക്കിൻെറ അർത്ഥം എന്തുകൊണ്ടു തെററിദ്ധരിക്കപ്പെടുന്നു ? കർത്താവിൻെറ ഗിരിപ്രഭാഷണം ശ്രദ്ധിച്ചു പരിശോധിച്ചാൽ ഈ ചോദ്യങ്ങരംക്കു ഉത്തരം കിട്ടും.

ഉപദേശം അത്ര സുപ്രധാനമോ ? ക്രിസ്തുവും ഉപദേശവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു ക്രിസ്തുവിൻെറ മലപ്രസംഗത്തിൻെറ ഉപസംഹാരത്തിൽ പ

റയുന്ന നാലു തരക്കേൽ ആക്കുകൾ നമ്മെ പഠിപ്പിക്കുന്നു. ഈ വചനങ്ങളെ യേശു പറഞ്ഞു തീർന്നപ്പോൾ പുരുഷാരം അവൻെറ ഉപദേശത്തിൽ വിസ്മയിച്ചു. അവരുടെ ശാസ്ത്രിമാരെ പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോടു ഉപദേശിച്ചതു (മത്തായി 7:28-29). അവൻ പറഞ്ഞു തീർത്തതു വചനങ്ങൾ ആയിരുന്നു എന്നോർക്കുക. ദൈവത്തിൽ നിന്നു മനുഷ്യർക്കു കൊടുത്ത ധാർമ്മിക വഴി എന്നർത്ഥം വരുന്ന ലോഗോസ് എന്ന ഗ്രീക്കു പദമാണ് അതിനു ഉപയോഗിച്ചിരിക്കുന്നതു. ജനങ്ങൾ അവൻെറ ഉപദേശത്തിൽ അതിശയിച്ചു. അവൻെറ വചനങ്ങൾ ഉപദേശമായിരുന്നില്ലേ? തീർച്ചയായും അതെ. 'ഡിഡാക്കെ' എന്ന ഗ്രീക്കു പദമാണ് ഉപദേശം എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്നതു. അതിൻെറ അർത്ഥം പഠിപ്പിക്കൽ, നിർദ്ദേശിക്കൽ എന്നാണ്. അന്നു യഹൂദന്മാർക്കു ഇതു മനസിലാക്കാൻ പ്രയാസം നേരിട്ടില്ല. യേശുക്രിസ്തു അവരോടു സംസാരിച്ചതു ഉപദേശമായിരുന്നു എന്നു അവർ വിശ്വസിച്ചു. മത്സരികളും കഠിന ഹൃദയരുമായ യെഹൂദന്മാർക്കു കർത്താവിൻെറ വചനം ഉപദേശമായി കാണാൻ കഴിഞ്ഞു. അവർ അതിൽ വിസ്മയിക്കയും ചെയ്തു. എന്നാൽ ഖേദകരമെന്നു പറയട്ടെ ഇന്നത്തെ ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന ചിലർക്കു ഈ ബന്ധം മനസിലാക്കാൻ കഴിയുന്നില്ല.

കർത്താവിൻെറ മഹത്തായ ഈ പ്രസംഗത്തിൽ ഇരുപത്തി ആറു വിവിധ വിഷയങ്ങൾ എനിക്കു മനസിലാക്കാൻ കഴിഞ്ഞു. ഈ വിഷയങ്ങൾ ഒക്കെയും ക്രിസ്തീയ ജീവിതത്തിനുള്ളതാകുന്നു. ഉപദേശപരമായ പ്രസംഗം നിർത്തി യേശുക്രിസ്തുവിനെ പററി കൂടുതൽ പ്രസംഗിക്കണമെന്ന വാദക്കാർ യേശുവിൻെറ ഗിരിപ്രഭാഷണത്തെ എന്തു ചെയ്യും എന്നു അറിഞ്ഞാൽ കൊള്ളാം. ക്രിസ്തുവിനു പുറത്തുള്ളവർ ആത്മീയ ദാരിദ്ര്യത്തിലാണ്. ആത്മീയമായി ദരിദ്രരായവർക്കു യേശുക്രിസ്തുവിലായി തീരുന്നതു ഭാഗ്യകരമായ ഒരവസ്ഥയാണ് (മത്തായി 5:3).

പാപം നിമിത്തം ദൈവത്തെ കുറിച്ച് ഓർത്തു ദുഃഖിക്കുന്നവർ ഉണ്ട് (മത്തായി 5:4). സൗമ്യത, നീതിക്കായി വിശന്നു ദാഹിക്കുക; എന്നിങ്ങനെ അവ നീണ്ടു പോകുന്നു. അവൻെറ കല്പനകൾ ഒക്കെയും നീതിയുള്ളതാകുന്നു (സങ്കീർത്തനങ്ങൾ 119:172). നീതി സുവിശേഷത്തിലാണ് കണ്ടെത്തുന്നതു (റോമർ 1:17). എല്ലാ പ്രസംഗങ്ങളിലും അതുൾപ്പെടുന്നു. മററുള്ളവരോടുള്ള മനോഭാവം ക്ഷമയോടുകൂടിയതാകണം (മത്തായി 5:7). സഹമനുഷ്യരോടുകൂടെ എങ്ങനെ ജീവിക്കണം, ഉപദ്രവത്തെ എങ്ങനെ തരണം ചെയ്യണമെന്നും പഠിപ്പിക്കുന്നുണ്ട്. ന്യായപ്രമാണത്തെ കുറിച്ചും കർത്താവു പഠിപ്പിച്ചിട്ടുണ്ട് (മത്തായി 5: 17, 20). പക, കുല, ശരിയായ ആരാധന, ഹൃദയത്തിൽ നിന്നു വരുന്ന മോഹം - വ്യഭിചാരം (മത്തായി 5:27-32). ശരിയായ സംഭാഷണം, ഒരാളുടെ കടമയിൽ നിന്നും അധികമായി ചെയ്യണം (മത്തായി 5:41-42) എന്നതു. ശരിയായ സ്നേഹം, ശരിയായ മതം, ലൗകികത, സഭ, പ്രാർത്ഥന, സുവർണ്ണ നിയമം, അനുസരണം, ശരിയായതും തെററായതുമായ അടിസ്ഥാനത്തിന്മേൽ പണിയുന്നതു എന്നിവയും കർത്താവു പഠിപ്പിച്ചിരുന്നു.

മുൻ പ്രസ്താവിച്ചതെല്ലാം ക്രിസ്തീയ ജീവിതത്തിൻെറ മൂല്യ ഗുണങ്ങൾ ആണെങ്കിൽ അവ ആവശ്യമില്ലെന്നോ അർത്ഥ ശൂന്യമെന്നോ ആർക്കെങ്കിലും പറയാൻ പററുമോ ? കർത്താവും പരിശുദ്ധാത്മാവും അവ പ്രാധാന്യമുള്ളതായി കരുതി പ്രസ്താവിച്ചിരിക്കുന്നു. കർത്താവിൻെറ വിശുദ്ധ വചനവും ഉപദേശവും മനുഷ്യർ ഉള്ള കാലത്തോളം ആവശ്യമാണ്. ക്രിസ്തുവിൻെറ വചനത്തെ മാററി നിർത്താൻ എങ്ങനെ കഴിയും ? വചനം ദൈവമാണെന്നു വിശ്വസിക്കാത്തവരാണ് ഇത്തരം വാദഗതികൾ നടത്തുന്നതു.

എന്തുകൊണ്ടാണ് ആളുകൾക്കു ഉപദേശം എന്ന വാക്കിൻെറ വേദ പുസ്തക അർത്ഥം മനസിലാക്കാൻ കഴിയാ

ത്തത് ? ഗിരിപ്രഭാഷണത്തിന്റെ അവസാനം അവന്റെ പ്രസംഗത്തെ ആളുകൾ വിലയിരുത്തിയതു : അധികാരമുള്ളവനായിട്ടത്രെ അവൻ ജനത്തോടു സംസാരിച്ചതു എന്നായിരുന്നു. ശാസ്ത്രിമാരെ പോലെ ആയിരുന്നില്ല (മത്തായി 7:29). യേശുക്രിസ്തുവിന്റെ ഉപദേശത്തെ കുറിച്ചു യെഹൂദന്മാർ മററാരിക്കൽ പറഞ്ഞതു: മററാരും ഇവൻ സംസാരിക്കുന്നതുപോലെ സംസാരിച്ചിട്ടില്ല എന്നാണ് (യോഹന്നാൻ 7:46). ദൈവ വചനം ശക്തിയുള്ളതും കർശനവുമത്രെ. അതുകൊണ്ടായിരിക്കാം ആളുകൾ ഉപദേശത്തെ ഭയക്കുന്നതു. അതല്ലെങ്കിൽ അവരുടെ ജീവിതം ദൈവത്തിന്റെ ഉപദേശത്തിനു വിരുദ്ധമാകാം. നിങ്ങൾ നിങ്ങളുടെ കാര്യം നോക്കു; ഞങ്ങൾ ഞങ്ങളുടെ കാര്യം നോക്കാം എന്ന പൈശാചിക തത്വം ഇന്നു ലോകത്തിൽ എങ്ങുമുണ്ട്. ജഡത്തിന്റെ പ്രവർത്തികളും ആത്മാവിന്റെ ഫലങ്ങളും വ്യത്യസ്തമാണ് (ഗലാത്യർ 5:19-21). പാപത്തിൽ നിന്നു വിട്ടു നില്ക്കേണ്ടതു മനുഷ്യരുടെ ആവശ്യമാണ്. അതിനു ദൈവിക നിർദേശം അത്യാവശ്യമാണ്.

ഉപദേശം എന്ന വാക്കു തെററിദ്ധരിക്കപ്പെട്ടതുകൊണ്ടാണ് ഉപദേശം പ്രസംഗിക്കുന്നതു നിർത്തണമെന്നു പറയുന്നതു. ക്രിസ്തുവിന്റെ സഭയിലുള്ളവർ മാത്രമെ സ്വർഗ്ഗത്തിൽ പോകുകയുള്ളോ, അവർ തികഞ്ഞവരാണോ എന്നെല്ലാം ആരോപണം ഉണ്ട്. ഏതൊരു വിഷയമായാലും സമൂഹത്തിലെ തിന്മ ചൂണ്ടിക്കാണിക്കുന്നതും ഉപദേശിക്കുന്നതും നിർത്തുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ലോകത്തിൽ മനുഷ്യർ ഉള്ള കാലത്തോളം പാപവും ഉണ്ടാകും. അക്കാരണത്താൽ ഉപദേശം അഥവാ കർത്താവിന്റെ വചനം അന്ത്യനാൾ വരെ തുടരണം. അതിനെതിരായി ചിന്തിക്കുന്നതു തന്നെ ദൈവ ദൃഷ്ടിയിൽ തെററാണ്.

★

# ദീർഘദൂര ഫോൺ മേഖലയിൽ 49% വിദേശ പങ്കാളിത്തം

ദീർഘദൂര ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുന്ന കമ്പനികൾക്ക് 49% വിദേശ ഓഹരി പങ്കാളിത്തം അനുവദിക്കുമെന്ന് ഇന്ത്യാ ഗവൺമെൻറ് പ്രഖ്യാപിച്ചു. ഓരോ കമ്പനിയും പ്രാരംഭ ഫീസ് ഇനത്തിൽ 100 കോടി രൂപ നൽകണം. കമ്പനികളുടെ വാർഷിക വരുമാനത്തിൽ 15% ഇന്ത്യാ ഗവൺമെൻറിനുള്ളതാണ്.

എൻ.എസ്.ഡി. സംവിധാനം സ്വകാര്യ മേഖലക്കു തുറന്നു കൊടുക്കുന്നതിനു പ്രാരംഭമായി ഇന്ത്യാ ഗവൺമെൻറ് പ്രഖ്യാപിച്ച മാർഗരേഖയിലെ വ്യവസ്ഥകളാണിവ. ഈ വ്യവസ്ഥകൾ നാളെ പ്രാബല്യത്തിൽ വരും. ഓരോ കമ്പനിക്കും 20 കൊല്ലത്തേക്കാണു ടെലികോം ഡിപ്പാർട്ട്മെൻറ് ലൈസൻസ് നൽകുക. 10 കൊല്ലത്തേക്കുകൂടി ലൈസൻസ് നീട്ടാം. ഇക്കാലമത്രയും വിദേശ ഓഹരി പങ്കാളിത്തം 49 ശതമാനത്തിൽ അധികമാവാൻ അനുവദിക്കില്ലെന്ന് വാർത്താ വിനിമയ മന്ത്രി റാംവിലാസ് പാസ്വാൻ പ്രസ്താവിച്ചു.

കമ്പനികൾ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ 400 കോടി രൂപയുടെ ബാങ്ക് ഗാരൻറി നൽകണം. ആദായകരമല്ലാത്ത മേഖലകളിലും എൻ.എസ്.ഡി. സൗകര്യം ഏർപ്പെടുത്തുക എന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ പാലിച്ചു കാണാൻ വേണ്ടിയാണിത്. മൊത്തം വരുമാനത്തിൽ 15% ഗവൺമെൻറിനു നൽകണം. ഇതിൽ അഞ്ചു ശതമാനം കമ്പനികൾക്കു രാജ്യാന്തര സേവനം നൽകുന്നതിനുള്ള പ്രതിഫലമായിരിക്കും.

## മുഖംമൂടിയണിഞ്ഞ വീരന്മാർ

പൂജ്യത്തിൽനിന്ന് ഒരുകോടിവരെ എണ്ണാൻവേണ്ട സമയത്തേക്കാറം വേഗത്തിലായിരുന്നു ഒന്നുമില്ലായ്മയിൽനിന്നു ദശകോടികളുടെ ലോകത്തിലേക്കു സുനിൽ ദാരാ എന്ന ബിട്ടു വളർന്നത്. സൈക്കിറം ഫാക്ടറി ഉടമയുടെ മകനായി ജനിച്ച ബിട്ടു ഡൽഹിയിലെ ലജ്പത് നഗറിൽ 'പഞ്ചാബ് റസോയി' എന്ന ഹോട്ടലിൻെറ ഉടമയായി മാറി വമ്പന്മാർ അവിടെ നിത്യസന്ദർശകരായി. ഒരിക്കൽ ഹിന്ദി താരം കിഷൻകുമാർ ഹോട്ടലിലെത്തിയതോടെ ബിട്ടുവിൻെറ ശുക്രൻ തെളിഞ്ഞു.

ഭക്ഷണം കഴിക്കുന്ന നേരത്തു കിഷൻകുമാർ ആരെയോ ഫോണിൽ വിളിക്കുന്നതും ക്രിക്കററ് വാതുവയ്പിൻെറ ഇടപാടുകറം സംസാരിക്കുന്നതും ബിട്ടു കേട്ടു. ഒരുമാസത്തിനുശേഷം കിഷൻകുമാർ വീണ്ടും ഹോട്ടലിലെത്തി. വാക്സാമർഥ്യം കൊണ്ട് ആരെയും വശത്താക്കുന്ന ബിട്ടു കിഷൻകുമാറുമായി ലോഹ്യത്തിലായി. അതോടെ ക്രിക്കററ് വാതുവയ്പിലൂടെ സമ്പത്തിൻെറ അതിരില്ലാ ലോകത്തേക്കു പറക്കാൻ വഴിതുറന്നു.

വൻതുക സ്വന്തമായി എടുക്കാനില്ലാത്ത ബിട്ടു ഹോട്ടലിൽ സ്ഥിരം വരുന്ന പണക്കാരെ ചാക്കിട്ടു. പലരിൽനിന്നു പിരിച്ചപണംകൊണ്ടു കളിക്കാരെ വശത്താക്കി. ഒന്നോ രണ്ടോ ഇടപാടോടെ ഈ രംഗത്തെ അതികായനായി ബിട്ടു വളരുകയായിരുന്നു. ഇപ്പോറം കണക്കില്ലാത്തത്ര പണം ബിട്ടുവിനുണ്ട്. പഞ്ചാബ് റസോയിയുടെ സമീപം 'ക്യുക്ക് ബൈററ്സ്' എന്നൊരു ഫാസ്റ്റ് ഫുഡ് സ്ഥാപനവും. കോഴക്കേസ് പൊട്ടിപുറപ്പെട്ടതോടെ ബിട്ടു മുങ്ങി. രണ്ടു മാസത്തിനുശേഷം സുഹൃത്തുക്കളെ കാണാൻ ഡൽഹിയിൽ പൊങ്ങിയ ബിട്ടുവിനെ ഓഗസ്റ്റ് ആറിനു പൊലീസ് അറസ്ററ് ചെയ്തു.

# ചെററക്കുടിലിലെ റാങ്കുകാരിക്ക് സഹായഹസ്തം

ചെററകുടിലിലെ റാങ്കുകാരിക്ക് ഉപരിപഠനത്തിനുള്ള സഹായഹസ്തവുമായി സാമൂഹിക സംഘടനയെത്തി.

കേരള സർവകലാശാലയുടെ ബി. എ. സംസ്കൃതം (ന്യായം) പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ പേരൂർക്കട കുളങ്ങര പുത്തൻവീട്ടിൽ രജിതയ്ക്കാണ് ഉപരിപഠനത്തിന് എത്ര തുകവേണമെങ്കിലും ചെലവഴിക്കാൻ തയാറായി സംഘടന രംഗത്ത് എത്തിയത്.

സാമൂഹിക നീതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സോഷ്യൽ ജസ്റ്ററിസ് ഫൗണ്ടേഷനാണു രജിതയുടെ പഠന ചെലവ് വഹിക്കാൻ തയാറായത്. രജിതയുടെ വീട് സന്ദർശിച്ച ഫൗണ്ടേഷൻ ഭാരവാഹികൾ പഠന ചെലവിനുള്ള ആദ്യ ഗഡു രക്ഷകർത്താക്കളെ ഏൽപ്പിച്ചു. ഫൗണ്ടേഷൻ പ്രസിഡൻറ് ജെ. ഗോപിനാഥൻ, പി. രാമസ്വാമി, സെക്രട്ടറി സി. അയ്യപ്പൻ ചെട്ടിയാർ, സി. മുത്തുസ്വാമി എന്നിവർ സംഘത്തിലുണ്ടായിരുന്നു.

ഉപരി പഠനത്തിനു സാധ്യത തെളിഞ്ഞതോടെ പേരൂർക്കട ഗവ. ഹൈസ്കൂളിന്റെ മതിലിനോടു ചേർന്നുള്ള ഒന്നേകാൽ സെൻറിൽ ചായ്ച്ചു പണിത ചെററക്കുടിലിലെ റാങ്കുകാരിക്ക് ആഹ്ലാദം അടക്കാനാവുന്നില്ല.

കുടിലിൽ വൈദ്യുതിയെത്താതിരുന്ന നാളുകളിൽ ചിമ്മിനി വെട്ടത്തിൽ ബി. എ. ഒന്നും രണ്ടും വർഷങ്ങൾ പൂർത്തിയാക്കിയ രജിതയ്ക്ക് ഈയിടെ ജനകീയാസൂത്രണ പരിപാടിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിരുന്നു.

## തോഴന് സിംഹാസനമൊരുക്കി ബിൽ ക്ലിൻറൻ

ഡമോക്രാററിക് പാർട്ടിയുടെ പ്രസിഡൻറ് സ്ഥാനാർഥി അൽഗോറിനെയും വൈസ് പ്രസിഡൻറ് സ്ഥാനാർഥി ജോസഫ് ലിബർമാനെയും വിജയിപ്പിക്കാൻ പ്രസിഡൻറ് ബിൽ ക്ലിൻറൻ ആവേശോജ്വലമായ പ്രസംഗത്തിൽ അമേരിക്കക്കാരോട് ആവശ്യപ്പെട്ടു.

എട്ടു വർഷം താൻ പ്രസിഡൻറായിരുന്ന കാലത്തു നടപ്പാക്കിയ ക്ഷേമ പദ്ധതികളും കൈവരിച്ച ശക്തിയും പുരോഗതിയും വരുംവർഷങ്ങളിൽ നിലനിർത്തുന്നതിന് ഡമോക്രാററിക് പാർട്ടിക്കു വോട്ടു ചെയ്യാൻ അദ്ദേഹം അഭ്യർഥിച്ചു. നവംബറിലാണു പ്രസിഡൻറ് തെരഞ്ഞെടുപ്പ് നടക്കുന്നത്. അമേരിക്കൻ പ്രസിഡൻറ് എന്ന നിലയ്ക്കു തൻെറ അവസാനത്തെ ഔപചാരിക പ്രസംഗം നടത്തുകയായിരുന്നു ഡമോക്രാററിക് നാഷണൽ കൺവെൻഷനിൽ ക്ലിൻറൻ.

ജനങ്ങളുടെ നേർക്ക് കൈവീശി വേദിയിലേക്കു കയറുമ്പോഴേ തന്നെ പ്രസിഡൻറിൽ നിറഞ്ഞുതുളുമ്പുന്ന ആത്മവിശ്വാസം ജനങ്ങൾ അറിഞ്ഞുകഴിഞ്ഞിരുന്നു. അദ്ദേഹം വാതുറന്ന് ഒരു വാക്കുപറയും മുമ്പേ ജനാവേശം ഇളകിമറിയാൻ തുടങ്ങി. ഇതു ക്ലിൻറൻെറ ആത്മവിശ്വാസം വർധിപ്പിച്ചു. നിങ്ങൾക്കു നന്ദി, നിങ്ങൾക്കു നന്ദി എന്ന് എട്ടു പ്രാവശ്യമെങ്കിലും പറഞ്ഞശേഷമേ അദ്ദേഹത്തിനു പ്രസംഗം തുടരാൻ കഴിഞ്ഞുള്ളൂ.

എതിരാളികളായ റിപ്പബ്ലിക്കൻ പാർട്ടിയെ അടിച്ചുതകർത്തുകൊണ്ടുള്ള ക്ലിൻറൻെറ പ്രസംഗപ്രവാഹത്തിൽ, അവരുടെ അജൻഡയും പ്രകടനപത്രികയും സേവന റെക്കോർഡുകളുമെല്ലാം ഒലിച്ചുപോകുകയായിരുന്നു.

★

# രക്ഷ ബൈബിളിൽ മാത്രം

## എൽവുഡ് ഹോൾട്ട്

ഭൗതികമായാലും ആത്മികമായാലും രക്ഷ എല്ലാവർക്കും ആവശ്യമാണ്. തിരിച്ചറിവുള്ളവരും കണക്കു കൊടുക്കേണ്ടവരുമായ എവർക്കും ഇതു വേണം. ദൈവം മനുഷ്യനു വേണ്ടി സൃഷ്ടിച്ച ലോകത്തിലേക്കു പാപം കടത്തി വിട്ടതു പിശാചായിരുന്നു. ആദാമിൽ കൂടെ അവൻ അതു പ്രാവർത്തികമാക്കി. തുടർന്നു മരണവും മനുഷ്യരിൽ വ്യാപരിച്ചു. പാപം ഉള്ള ലോകത്തിലേക്കാണ് എല്ലാവരും ജനിച്ചു വീഴുന്നതു. തിരിച്ചറിവുള്ളവർ ദൈവനിയമത്തെ ലംഘിക്കുന്ന സമയം പാപികളായി തീരുന്നു. പാപം ചെയ്യാതിരിക്കാൻ ആളുകൾക്കു കഴിയുന്നില്ല. അതുകൊണ്ടു അപ്പൊസ്തലനായ പൌലൊസ് പറയുന്നതു: എല്ലാവരും പാപം ചെയ്തു ദൈവ തേജസു ഇല്ലാത്തവരായി തീർന്നു'' എന്നാണ് (റോമർ 3:23). ആരെങ്കിലും ഞാൻ പാപം ചെയ്യുന്നില്ല എന്നു പറഞ്ഞാൽ അതു നുണയാകും. അതു തന്നെ പാപമായി തീരുന്നു എന്നു പറയാം. ആകയാൽ മനുഷ്യർക്കു രക്ഷ അഥവാ പാപത്തിൽ നിന്നു മോചനം ആവശ്യമാണ്.

മനുഷ്യൻെറ രക്ഷ ദൈവത്തിൽ നിന്നാണ് വരുന്നതു. ഖേദകരമെന്നു പറയട്ടെ രക്ഷയെ കുറിച്ചു ധാരാളം തെററായ കാഴ്ച്ചപ്പാടുകൾ ലോകത്തിൽ നിലവിലുണ്ട്. ഒരാൾ തെററായി കാര്യങ്ങൾ ഗ്രഹിച്ചാൽ അയാൾ പറയുന്നതു കേൾക്കുന്നവരും അങ്ങനെ തന്നെ ധരിക്കും. അതു സമൂഹങ്ങൾ കൈമാറി ലോകം മുഴുവൻ വ്യാപിക്കും. ചിലർ വിചാരിക്കുന്നതു രക്ഷ എന്നതു ദൈവത്തിൻെറ കൃപയാൽ മാത്രം ഒതുങ്ങി നില്ക്കുന്നു എന്നാണ്. അതുകൊണ്ടു വ്യക്തികൾക്കൊന്നും ചെയ്യാനില്ല എന്നതാണ് അവരുടെ വിശ്വാസം. വേറെ ചിലർ കരുതുന്നതു രക്ഷ എന്നതു അ

ത്ഭുതകരമായി പരിശുദ്ധാത്മാവു പ്രവർത്തിച്ചു ഒരാളുടെ ഹൃദയത്തിൽ വിശ്വാസത്തിലൂടെ കിട്ടുന്നതാണ് എന്നത്രേ ആയിരക്കണക്കിനു ആളുകൾ കരുതുന്നതു. മനുഷ്യർ എന്തു വിശ്വസിച്ചാലും ആത്മാർത്ഥമായി നല്ല ധാർമ്മിക ജീവിതം നയിച്ചാൽ മതി എന്ന തത്വത്തിൽ ഒതുങ്ങി നിൽക്കുന്നവരുമുണ്ട്. ദൈവ വചനവുമായി ഒത്തു നോക്കിയാൽ അവർ എത്രമാത്രം ദൈവേഷ്ടത്തിൽ നിന്നും അകലെയാണെന്നു തെളിയും. അസംഖ്യം രക്ഷാ പദ്ധതി ഇന്നു മതാദ്ധ്യക്ഷന്മാർ പഠിപ്പിക്കുന്നുണ്ട്. ലോകം ഇന്നു പരിഭ്രാന്തിയിലായതിൽ യാതൊരു അത്ഭുതവുമില്ല. ബൈബിളിലെ രക്ഷാ സന്ദേശത്തിനായി നാം ബൈബിളിൽ തന്നെ നോക്കണം.

ക്രിസ്തുവിൻെറ ഉയിർപ്പിനുശേഷം നല്കപ്പെട്ട മഹത്തായ ആജ്ഞയിൽ ഈ രക്ഷാ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ കർത്താവു കല്പിച്ചതായ കല്പനകൾ ഒക്കെയും അനുസരിപ്പാൻ തക്കവണ്ണം ഉപദേശിച്ച് സകല ജാതികളേയും ശിഷ്യരാക്കി കൊൾവിൻ (മത്തായി 28:19-20). ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നും കർത്താവു പറഞ്ഞു (മർക്കൊസ് 16.15-16). പാപത്തിനുള്ള ശിക്ഷ മനുഷ്യനിൽ നിന്നു ഒഴിവാക്കുന്നതു ദൈവമാണെങ്കിൽ അതു ദൈവ നിശ്ചയ പ്രകാരമായിരിക്കും. ദൈവം പറഞ്ഞിട്ടുള്ളതു ചെയ്യാതെ മററു പലതും ചെയ്തിട്ടു ദൈവം രക്ഷിക്കും എന്നു കരുതിയാൽ അതെങ്ങനെ ശരിയാകും ? ദൈവ കല്പനകളെ മാററുവാൻ ആരും തയ്യാറാകരുത്. നിയമ കർത്താവിനു മാത്രമെ നിയമം മാററുവാൻ അധികാരമുള്ളു. ആ സാമാന്യ തത്വം പോലും ആളുകൾ വിസ്മരിച്ചിരിക്കുന്നു.

ക്രിസ്തു കഷ്ടം അനുഭവിച്ചതും മരിച്ചതും അടക്ക

പ്പെട്ടതും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കപ്പെട്ടതും തിരുവെഴുത്തിൻ പ്രകാരമായിരുന്നു. അവ്വണ്ണം മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്തേണ്ടതും മുന്നറിയിച്ചതിൻ പ്രകാരമായിരുന്നു (ലൂക്കൊസ് 24:45-49). കാരണം ഇതല്ലാതെ മറ്റൊരു വഴി ദൈവം ഒരുക്കിയിട്ടില്ല. ദൈവത്തിന്റെ ഏക പദ്ധതിയാണ് സകല സൃഷ്ടികളും സ്വീകരിക്കേണ്ടതു. ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചതും ചെയ്തതുമായ എല്ലാം ഈ ഒരു ഉദ്ദേശത്തിനായിരുന്നു. ജാതി മത വ്യത്യാസമില്ലാതെ ഏതൊരാൾക്കും ഈ വ്യവസ്ഥ ലളിതമായി, വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. പക്ഷെ ആളുകൾ അതു മനസിലാക്കുന്നതിൽ വൈപരീത്യം നേരിട്ടതു എന്തുകൊണ്ടാണെന്നു ശ്രദ്ധിക്കുക. ഒരു വിഷയത്തിൽ അടങ്ങുന്ന എല്ലാ കാര്യങ്ങളും ഒരേ വാക്കിൽ തന്നെ സൂചിപ്പിക്കാതെ, വിശ്വസിച്ചവരോടു മാനസാന്തരപ്പെട്ടു സ്നാനപ്പെടാൻ പറഞ്ഞിട്ടുണ്ട്. കേട്ടവർ, വിശ്വസിക്കാത്തവരായതുകൊണ്ട് വിശ്വസിക്കാൻ പറഞ്ഞിട്ടുണ്ട് ഇങ്ങനെയുള്ള പ്രസ്താവനകൾ സന്ദർഭോചിതം മനസിലാക്കാത്തതുകൊണ്ടാണ് ഏതെങ്കിലും ഒന്നു മതി എന്ന നിഗമനത്തിൽ ആളുകൾ എത്തിച്ചേരുന്നതു.

മഹത്തായ ആജ്ഞയിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളുടെ ചുരുക്കം താഴെ കൊടുക്കുന്നു. എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവാനും ഉപദേശിക്കുവാനും കർത്താവു കല്പിച്ചിരിക്കുന്നു. അതുകേട്ടു, വിശ്വസിച്ചു, മാനസാന്തരപ്പെട്ടു സ്നാനമേൽക്കുന്നവന്റെ പാപങ്ങൾ അവൻ ക്ഷമിക്കുന്നു. ഈ പദ്ധതി ആദ്യമായി യെരുശലേമിൽ പ്രസംഗിക്കുവാനാണ് പറഞ്ഞതു. ഇതു മനസിലാക്കുവാൻ പ്രയാസമുള്ള കാര്യമല്ല. ദൈവികമായ പദ്ധതി നടപ്പിൽ വരുത്തേണ്ടതു മനുഷ്യരാണ്. മനുഷ്യരുടെ നന്മക്കായി രൂപപ്പെടുത്തിയ രക്ഷാ വ്യവസ്ഥയാണിത്.

ദൈവിക സന്ദേശം ബൈബിളിൽ രേഖപ്പെടുത്തിയി

ട്ടുണ്ട്. പുതിയ നിയമത്തിൽ കർത്താവു കല്പിച്ച കല്പനകളും ഉപദേശങ്ങളും അപ്പൊസ്തലന്മാരും പുതിയ നിയമത്തിലെ മററു ലേഖകരും ദൈവശ്വാസീയമായിട്ടാണ് എഴുതിയത്. അതു ഇങ്ങനെ നമ്മെ പഠിപ്പിക്കുന്നു. 1 എല്ലാവരും സുവിശേഷ സന്ദേശം കേൾക്കണം (റോമർ 10:17). 2. എല്ലാവരും ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കണം (പ്രവൃത്തി 16:31). ഓരോരുത്തരും തങ്ങളുടെ പാപ വഴി വിട്ടു മാനസാന്തരപ്പെടണം (പ്രവൃത്തി 2:38). ക്രിസ്തു ദൈവ പുത്രനാണെന്ന വിശ്വാസം ഏററു പറയണം (മത്തായി 10:32; റോമർ 10:10). പാപമോചനത്തിനായി എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കണം (പ്രവൃത്തി 2:38; 22:16). തുടർന്നു ക്രിസ്തുവിന്റെ മററു കല്പനകളനുസരിച്ചു മരണ പര്യന്തം വിശ്വസ്തമായി ജീവിക്കണം. അതായതു ക്രിസ്തുവിന്റെ മാർഗ്ഗപ്രകാരം ജീവിച്ച്, ആരാധിച്ച്, പരിശീലിച്ച് ദൈവത്തെ പ്രസാദിപ്പിക്കണം എന്നർത്ഥം.

ഇതു ദൈവത്തിന്റെ പദ്ധതിയാണ്. മനുഷ്യരുടെ രക്ഷക്കായി ബൈബിളിൽ പറഞ്ഞിരിക്കുന്ന പദ്ധതിയാണ് അനുസരിക്കേണ്ടത്. എല്ലാവരും ദൈവത്തെ ആദരിക്കുന്നതു പോലെ ഈ പദ്ധതിയെയും ആദരിക്കണം. അതിനു പകരം മനുഷ്യരുടെ പദ്ധതി മതി എന്നു വെക്കരുത്. നാം അതു അനുസരിക്കയും മററുള്ളവരോടു ഈ പദ്ധതി അറിയിക്കയും വേണം. വചനത്തിൽ ദൈവത്തിന്റേതായ മറെറാരു രക്ഷാമാർഗ്ഗമില്ല. ദൈവം മനുഷ്യർക്കു നടപ്പാക്കിയ ഈ രക്ഷാ പദ്ധതിക്കു തന്റെ ഏക ജാതനായ പുത്രനെ തന്നെ ഏല്പിച്ചു കൊടുത്തു. ദൈവ പുത്രനായ ക്രിസ്തു ക്രൂശിൽ മരിച്ചതു മനുഷ്യരുടെ രക്ഷക്കായിരുന്നു. ഇതിൽ കൂടുതലായി ദൈവത്തോടു ആർക്കെങ്കിലും ചോദിക്കാൻ കഴിയുമോ ?

★

# ഇടർച്ചക്കല്ല്

## W. A. ഹോളെ

ബൈബിളിൽ ഇടർച്ചക്കല്ലിനെ പററി പറയുന്നുണ്ട്. ഒരാൾ നടന്നു പോകുമ്പോൾ പാതയിലുള്ള കല്ലു തട്ടി വീഴാറുണ്ട്. അതേ പ്രയോഗമാണ് തിരുവെഴുത്തിൽ ഇതു സൂചിപ്പിക്കുന്നതു. പഴയ നിയമത്തിൽ ഇസ്രായേൽ ജനത്തിനിടയിൽ നിന്നു ഇടർച്ച നീക്കി കളവാൻ യഹോവയായ കർത്താവ് അരുളിച്ചെയ്യുന്നുണ്ട് (യെശയ്യാവ് 57:14). സെഫന്യാവിൻെറ കാലത്തു യെഹൂദ ജനത്തിനുണ്ടായിരുന്ന ഇടർച്ച വിഗ്രഹങ്ങൾ ആയിരുന്നു. അവർ അതിൽ തട്ടി ദൈവ കൃപയിൽ നിന്നു വീണുപോയി (സെഫന്യാവ് 1; യെഹസ്കേൽ 7:19). അവരുടെ വിഗ്രഹങ്ങൾ ജീവനില്ലാത്തതും ശുദ്ധിയില്ലാത്തതുമാകയാൽ അവയ്ക്കു അവരെ രക്ഷിപ്പാൻ കഴിഞ്ഞില്ല.

എന്താണു വിഗ്രഹപൂജ? സൃഷ്ടിക്കപ്പെട്ട ഒരു വസ്തുവിനു ദൈവിക ആദരവ് പ്രകടിപ്പിക്കുക. ഉദാഹരണമായി സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, കല്ല്, മരം, ലോഹം, മനുഷ്യൻ, പണം തുടങ്ങിയവയാണ് അവ. സാത്താനോടു യേശുക്രിസ്തു പറയുകയുണ്ടായി, നിൻെറ ദൈവമായ കർത്താവിനെ മാത്രമെ ആരാധിക്കാവു എന്ന് (മത്തായി 4:10). ദൈവ ദൂതൻെറ കാൽക്കൽ വീണു നമസ്കരിക്കാൻ ഒരുങ്ങിയ അപ്പൊസ്തലനായ യോഹന്നാനെ വിലക്കി മുന്നറിയിക്കുന്നുണ്ട്. അതരുത്; ഞാൻ നിൻേറയും നിൻെറ സഹോദരന്മാരായ പ്രവാചകന്മാരുടേയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടേയും സഹഭൃത്യനത്രെ; ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു (വെളിപ്പാട് 22:9).

വാസ്തവത്തിൽ യേശുക്രിസ്തു യെഹൂദന്മാർക്കു ഒരു ഇടർച്ചക്കല്ലും തടങ്ങൽ പാറയുമായിരുന്നു. കാരണം

അവൻെറ വചനങ്ങളും പ്രവൃത്തികളും അവർക്കു തടസമായി തീർന്നു. മശിഹായെ സംബന്ധിച്ചു അവർക്കുണ്ടായിരുന്ന മുൻവിധി വ്യത്യസ്തമായിരുന്നു. മനുഷ്യൻെറ വിചാരവും ദൈവത്തിൻെറ വിചാരവും ഒന്നല്ലല്ലോ. നീതിയുടെ പ്രമാണം പിന്തുടർന്ന ഇസ്രായേലിനു ആ പ്രമാണത്തിങ്കൽ എത്താൻ കഴിഞ്ഞില്ല. അതെന്തുകൊണ്ടു ? വിശ്വാസത്താലല്ല, പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടു തന്നെ. അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി (റോമർ 9:32).

യെശയ്യാവിൻെറ സമയത്തു ഇസ്രായേലിനു ദൈവം ഇടർച്ചയായി തീർന്നു. കാരണം അവർ സൃഷ്ടികർത്താവിനെ നമസ്ക്കരിക്കാതെ സൃഷ്ടിയെ ഭജിച്ചുവന്നു. വിഗ്രഹങ്ങളെ ഉണ്ടാക്കുകയും അവയുടെ മുൻപിൽ വണങ്ങുകയും ചെയ്തു. ഇതു ദൈവത്തിനു അനിഷ്ടമായി തീർന്നു. യഹോവയെ ഭയപ്പെടുന്നവർക്കു അവൻ ഒരു വിശുദ്ധ മന്ദിരമായിരിക്കും; എങ്കിലും ഇസ്രായേൽ ഗൃഹത്തിനു രണ്ടിനും അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽ പാറയും. യെരുശലേം നിവാസികൾക്കു ഒരു കുടുക്കും കണിയും ആയിരിക്കും. പലരും അതിന്മേൽ തട്ടി വീണു തകർന്നു പോകയും കണിയിൽ കുടുങ്ങി പിടിപെടുകയും ചെയ്യും (യെശയ്യാവ് 8:14-15).

ആലങ്കാരിക കാഴ്ചപ്പാടിൽ നോക്കിയാൽ ഇന്നു ധാരാളം ഇടർച്ചക്കല്ലുകൾ കാണാം. അവയിൽ ഏതാനും നമുക്കു പരിശോധിക്കാം. ക്രിസ്തു സ്ഥാപിച്ച ബൈബിളിലെ ഏക സഭ ഇന്നു അനേകർക്കു ഇടർച്ചക്കല്ലായി തീർന്നിട്ടുണ്ട്. അതങ്ങനെ ആയിരിക്കാൻ പാടില്ലാത്തതാണ് (മത്തായി 16:18-19; പ്രവൃത്തി 20:28; എഫെസ്യർ 4:4-6; റോമർ 16:16). ബൈബിളിലുള്ള ആ സഭയെ എന്തുകൊണ്ടു സ്വീകരിച്ചുകൂടാ ? ബൈബിളിൽ കാണാത്ത നാമധേയ വിഭാഗത്തെ സ്വീകരിച്ചിരിക്കുന്നവർക്കു പുതിയ നിയമപുസ്തകത്തിലെ സഭ തടങ്ങൽ പാറയായിരുന്നു. യേശുവിൻെറ ശിഷ്യന്മാർ വിഭജിച്ചു കാണുവാനല്ല; ഒന്നായി കാ

ണുവാനാണ് അവൻ ആഗ്രഹിക്കുന്നതു (യോഹന്നാൻ 17: 20-23; 1 കൊരിന്ത്യർ 1:10; എഫെസ്യർ 4:1-6; 1 കൊരിന്ത്യർ 11:18). നാമധേയ വിഭാഗങ്ങൾ എല്ലാം തന്നെ ദൈവ വചന വിരുദ്ധമാണ്. സത്യം ഒന്നു മാത്രമായിരിക്കും. വചന പരിജ്ഞാനം എല്ലാവർക്കും ഉണ്ടാകണം. ദൈവത്തിന്റെ വിശുദ്ധ വചനത്തിൽ ഒരു സഭയാണുള്ളതു. എന്നാൽ ലോകത്തിൽ എണ്ണികൂടാത്ത സഭകൾ പല പേരിലും വിശ്വാസത്തിലും ആചാരത്തിലും പെരുകിക്കൊണ്ടിരിക്കുന്നു. അവർക്കു കർത്താവിന്റെ സഭ ഒരു കീറാമുട്ടിയായി തോന്നാം.

ക്രിസ്തുവിന്റെ സഭ പ്രത്യേകതയുള്ളതാകുന്നു. ഏതടിസ്ഥാനത്തിലാണ്! ക്രിസ്തുവിന്റെ സഭ ബൈബിളിനെ സ്വീകരിക്കുന്നു. ബൈബിൾ മുഴുവനും എടുക്കുന്നു. സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നതിനും സേവിക്കുന്നതിനും ഉപദേശിക്കുന്നതിനും അടിസ്ഥാനമായി എടുക്കുന്നതു വിശുദ്ധ വേദപുസ്തകം മാത്രമാണ്. ദൈവം കല്പിച്ചിട്ടുള്ളവയിൽ നിന്നു ഏതെങ്കിലും എടുത്തു മാററുവാനോ, അതിനോടു കൂട്ടി കല്പിക്കുവാനോ തയ്യാറാകുന്നില്ല. സത്യത്തെ സത്യമായി തന്നെ അംഗീകരിക്കുന്നു (ആവർത്തന പുസ്തകം 4:2; സദൃശവാക്യങ്ങൾ 30:6; വെളിപ്പാട് 22:18-19).

പ്രിയ സ്നേഹിതരേ, ബൈബിളിലെ സഭയിൽ തട്ടി വീഴാതിരിക്കുക. യേശുക്രിസ്തുവിന്റെ ഉയിർപ്പിനു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ, കർത്താവിന്റെ ആത്മാവിനാൽ ആരംഭിച്ചതായ അവന്റെ സഭയുടെ ലാളിത്യവും പരിശുദ്ധിയും അതേപടി നിലനിർത്തുക എന്നതാണ് ക്രിസ്തുവിന്റെ സഭയുടെ ലക്ഷ്യം (ലൂക്കൊസ് 8:11; പ്രവൃത്തി 2:47). അതേ വിത്ത് ഇന്നു വിതെച്ചാൽ അതേ ഫലം കിട്ടും (1 പത്രൊസ് 1:22-23).

2 കർത്താവിന്റെ കല്പനയായ സ്നാനം പലർക്കും ഇടർച്ചക്കല്ലാണ്. ശരിയായ വചന സ്നാനം ഏല്

ക്കാതിരിക്കാൻ വാദഗതികൾ നിരത്തുന്നവർ ധാരാളമുണ്ട്. തെറ്റായ സ്നാനം ഏറ്റവർ അതിനെ ന്യായീകരിക്കും. എന്നാൽ കർത്താവിന്റെ കല്പന നീക്കുപോക്കില്ലാത്ത നിയമമാണ് (യോഹന്നാൻ 3:3-5; എഫെസ്യർ 5:26; തീത്തൊസ് 3:5; പ്രവൃത്തി 22:16).

എന്തുകൊണ്ടു സ്നാനം ഒരാൾക്കു ഇടർച്ചയായി തീരുന്നു? എന്തുകൊണ്ടു അവർ കർത്താവിന്റെ കല്പനയെ എതിർക്കുന്നു? (പ്രവൃത്തി 10:48; മത്തായി 28:18-20; മർക്കൊസ് 16:16; 1 പത്രൊസ് 3:21). യേശു സ്നാനപ്പെട്ടിരുന്നില്ലേ? (മത്തായി 3:13-17). യേശു സ്നാനപ്പെട്ടിരുന്നതു പാപമോചനത്തിനായിരുന്നില്ല; സകല നീതിയും നിവർത്തിക്കപ്പെടേണ്ടതിനായിരുന്നു (മത്തായി 3:15). കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നതിലൂടെയാണ് ഒരാൾ സകല നീതിയും നിവർത്തീകരിക്കുന്നത്. സ്നാനത്തിനായി വെള്ളത്തിലേക്കിറങ്ങി, വെള്ളത്തിനടിയിലേക്കു മുങ്ങി വെള്ളത്തിൽ നിന്നു കയറി വരുന്നു (കൊലൊസ്യർ 2:12; റോമർ 6:4). വെള്ളം കോരി ഒഴിക്കുന്നതോ തളിക്കുന്നതോ തിരുവെഴുത്തിന്റെ ഉദ്ദേശം നിവർത്തിക്കുന്നില്ല.

യോഹന്നാൻ സ്നാപകൻ ധാരാളം ശിഷ്യന്മാരെ ചേർത്തുകൊണ്ടു സ്നാനപ്പെടുത്തിയിരുന്നു (മർക്കൊസ് 1:1-13; ലൂക്കൊസ് 3:3). യോഹന്നാന്റെ സ്നാനം ഏല്ക്കാതെ നിരസിച്ച ആളുകൾ ദൈവത്തിന്റെ ആലോചനയെയാണ് തള്ളി കളഞ്ഞത് (ലൂക്കൊസ് 7:29-30). യോഹന്നാന്റെ സ്നാന കാലയളവിനുശേഷം ആ സ്നാനം ഏറ്റവർ വീണ്ടും കർത്താവിന്റെ നാമത്തിൽ സ്നാനമേറ്റു (പ്രവൃത്തി 18:24-28; 19:1-7). ഇന്നും അതുപോലെ വചനത്തിൽ പറയാത്ത രീതിയിൽ സ്നാനമേറ്റവർ, വചനപ്രകാരം വീണ്ടും സ്നാനമേല്ക്കണം. കാരണം ദൈവം എങ്കിലേ അതിന്റെ ഫലം തരികയുള്ളു.

★

# എബ്രായർ 10:24 വാസ്തവത്തിൽ എന്തു പഠിപ്പിക്കുന്നു?

നീൽ പൊളാർഡ്

അസാദ്ധ്യമായ സന്ദർഭങ്ങളും തടസങ്ങളും നേരിടുമ്പോൾ പലപ്പോഴും ഉയരുന്ന ചോദ്യമാണ്. ഈ കാരണത്താൽ ആരാധന മുടക്കുന്നതു ശരിയോ എന്നതു. നാം ഈ ലോകത്തിലാണ് ജീവിക്കുന്നതു. പല കാര്യങ്ങളും നോക്കി കണ്ടു പ്രവർത്തിക്കേണ്ടവരാണ് മനുഷ്യർ എന്നൊക്കെ പറഞ്ഞു കേൾക്കാറുണ്ട്. വാസ്തവത്തിൽ എല്ലാ സഭായോഗങ്ങളിലും ക്രിസ്ത്യാനിയായി തീർന്ന ഒരാൾ മുടങ്ങാതെ പങ്കെടുക്കേണ്ടതാണോ? ബൈബിൾ ഇതിനെ കുറിച്ച് എന്തു പഠിപ്പിക്കുന്നു? നാം അതിനു സത്യസന്ധമായ ഉത്തരം കണ്ടെത്തേണ്ടതുണ്ട്. കാരണം ദൈവം പരമോന്നതനും നമ്മെ രക്ഷിപ്പാനും ശിക്ഷിപ്പാനും കഴിവുള്ളവനും ആകുന്നു. ആകയാൽ നമുക്കു ദൈവത്തിന്റെ അരുളപ്പാടുകളെ പരിശോധിക്കാം.

സാധാരണയായി ഈ ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്താൻ എബ്രായർ 10:24 ആണ് നോക്കേണ്ടതു. ആ വാക്യം നമുക്കു വായിക്കാം. ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തിക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അതു അധികം അധികമായി ചെയ്യേണ്ടതാകുന്നു. ഇതു ആരാധനയെ സംബന്ധിച്ചുള്ളതാണോ? ഇതൊരു കല്പനയാണോ? പലരിലും സംശയമുണർത്തിയിരിക്കുന്ന ചോദ്യങ്ങളാണിവ.

അതിനുള്ള മറുപടി കണ്ടെത്താൻ എബ്രായർ 10:24, 25 എന്നീ വാക്യങ്ങളിനു പുറത്തേക്കു വിശാലമായി നമ്മു

ടെ കാഴ്ച്ചപ്പാട് നീങ്ങണം. ആ അദ്ധ്യായം ആരംഭിക്കുന്നതുതന്നെ പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസം എടുത്തു കാണിച്ചുകൊണ്ടാണ്. യാഗങ്ങളെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. യാഗങ്ങൾ കഴിച്ചിരുന്നതെല്ലാം മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലായിരുന്നു. മോശെയുടെ ന്യായപ്രമാണ പ്രകാരവും സഭായോഗവും ആരാധനയും വഴിപാടും യാഗവുമെല്ലാം ഉണ്ടായിരുന്നു.

യേശു, കാൽവരി ക്രൂശിൽ ഒരിക്കൽ എന്നേക്കുമായി അർപ്പിച്ച യാഗം വരെ ലേവ്യാ പൗരോഹിത്യ ക്രമപ്രകാരമുള്ള യാഗവും ആരാധനയും തുടർന്നിരുന്നു. പരമോന്നത യാഗം നടന്നതോടെ മൃഗബലി നിന്നുപോയി. എന്നാൽ ആരാധന അവസാനിക്കുന്നില്ല. എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കൂടി വരുവാൻ നിർദേശിക്കപ്പെട്ടിരുന്നു (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 16:1-2). പ്രാരംഭ ക്രിസ്ത്യാനികളും, നാം പിൻപറ്റേണ്ടതിനു ഒരു മാതൃക തന്നിരിക്കുന്നു. ക്രിസ്ത്യാനികൾ, തങ്ങളുടെ ആത്മിക ശക്തിക്കായി കൂടി വന്നിരുന്നതായി രേഖ തെളിയിക്കുന്നു (പ്രവൃത്തി 11:12). കൂട്ടായ്മ എന്ന ആശയവും ഇടവക ചേർന്നുള്ള ബൈബിൾ പഠനവും കൂടി വരവിനു പ്രാദേശിക സഭയെ നിർബന്ധിക്കുന്നു (1 തിമൊഥെയൊസ് 4:13).

വിഷയത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒന്നാണ് 19-ാം വാക്യം. മുൻപു സംസാരിച്ച കാര്യങ്ങളുടെ പശ്ചാത്തലത്തിൽ വേണം അതു ഗ്രഹിക്കുവാൻ. അതുകൊണ്ടു എന്ന പദം അവിടെ ലേഖകൻ ഉപയോഗിച്ചിരിക്കുന്നു. മുൻപു പറഞ്ഞ കാരണങ്ങളാൽ എന്നർത്ഥം. യേശുവിന്റെ യാഗത്താൽ ശ്രേഷ്ഠവും മാന്യവുമായ ഒരു ജീവവഴി കർത്താവു ഒരുക്കിയിരിക്കുന്നു. അങ്ങനെ അവൻ ഒരു പുതിയ നിയമം സ്ഥാപിച്ചതുകൊണ്ടു ക്രിസ്ത്യാനികൾക്കു

പുരോഹിതന്മാരായി ദൈവത്തോടു അടുത്തു അവനെ ആരാധിക്കുവാൻ കഴിയുന്നു (1 പത്രോസ് 2:5,9).

അങ്ങനെ ദൈവ രാജ്യത്തിലെ പുരോഹിതന്മാർക്കു പാലിക്കുവാൻ ലേഖകൻ നിയമാവലി വെക്കുന്നു. ക്രിസ്ത്യാനികളോടു കല്പിച്ചിരിക്കുന്നതു: അതുകൊണ്ടു ക്രിസ്ത്യാനികൾ ദുർമ്മനസാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക (10:22). പ്രത്യാശയുടെ സ്വീകാര്യം നാം മുറുകെ പിടിച്ചുകൊൾക. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലൊ. മനഃപൂർവ്വം ഈ കല്പനകളെ ലംഘിക്കുന്നവർക്കുള്ള ഫലത്തെ മുന്നറിയിച്ചിട്ടുണ്ട് (എബ്രായർ 10:26-31). ആത്മിയ പരിഗണനയുടെ ഭാഗമായിട്ടാണ് ക്രിസ്ത്യാനികൾ കൂടിവരുന്നതു. ദൈവ കല്പന ലംഘിക്കുന്നതു പാപമാണ് (1 യോഹന്നാൻ 3:4). തുടർന്നു ക്രിസ്ത്യാനികൾക്കുണ്ടാകേണ്ട കൂട്ടായ്മയും വിശ്വസ്തതയും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. കർത്താവിന്നായി കാത്തിരിക്കുന്ന ക്രിസ്ത്യാനികൾക്കു ക്ഷമ ആവശ്യമാണ്. ദൈവത്തോടുള്ള വിശ്വസ്തത പ്രകടിപ്പിക്കുന്ന ഒന്നാണ് സഭായോഗത്തിൽ സന്നിഹിതരാകുക എന്നത്.

ദൈവ കല്പന പറയുന്നതു സഭായോഗം മുടക്കരുത് എന്നാണ്. മുടക്കുന്നവർ പരാജയപ്പെടുന്നു; അങ്ങനെ അവർ കുററക്കാരായി തീരുന്നു. വിശ്വാസത്തിൽ തുടർച്ചയായി നിലനില്ക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. സഭായോഗത്തിൽ പങ്കെടുക്കുന്നവർ ദൈവത്തെ അനുസരിക്കുന്നവരും മുടക്കുന്നവർ ദൈവത്തെ അനുസരിക്കാതിരിക്കുന്നവരും ആകുന്നു. മുകളിൽ പറിച്ച കല്പനകളിൽ ഒന്നിലെങ്കിലും വീഴ്ച്ച സംഭവിച്ചാൽ അതു പാപമായി ദൈവം കണക്കിടും.

എബ്രായർ 10-ാം അദ്ധ്യായത്തെ ആസ്പദമാക്കിയ ചോദ്യങ്ങൾ ദയവായി പരിഗണിക്കുക. നാം സഭായോഗം മനഃപൂർവ്വം ഉപേക്ഷയായി കരുതിയാൽ നാം ദൈവത്തെ അനുസരിക്കുന്നുണ്ടോ ? തീർച്ചയായും ഇല്ല. സ്നേഹവും സൽപ്രവൃത്തിയും നമുക്കു അപ്പോൾ അന്യോന്യം പ്രകടിപ്പിക്കാൻ കഴിയുമോ ? കർത്താവിനുവേണ്ടി ക്രിസ്ത്യാനികൾ എല്ലാം സഹിക്കുന്നവരാകണം. മനഃപൂർവ്വം ആരാധന മുടക്കുന്നതു മനഃപൂർവ്വം പാപം ചെയ്യുന്നതു പോലെയാണ്. കർത്തൃദിവസം സഭായോഗം മുടക്കി മറെറന്തെങ്കിലും പരിപാടികൾക്കു പോകുന്നവരുണ്ട്. ദൈവ നിയമത്തെ ചോദ്യം ചെയ്യുവാൻ ആർക്കും കഴിയുകയില്ല.

ഒരു ഉത്തരവും നാം പെട്ടെന്നു മുഖവിലക്കു എടുക്കരുത്. ശ്രദ്ധിച്ചുവേണം ഏതൊരു വേദഭാഗവും വായിക്കുവാൻ. പ്രത്യേകിച്ച് എബ്രായർ 10 ശരിയായി വായിച്ച് അതിൽ എന്തെല്ലാം ഉൾക്കൊണ്ടിരിക്കുന്നു എന്നു പരിശോധിക്കുക. നാം ദൈവത്തെ പ്രസാദിക്കുമ്പോൾ ദൈവേഷ്ടം എന്തെന്നു അറിയണം. വിശ്വസ്തതയും സഹിഷ്ണുതയും എന്നാലെന്ത് എന്ന് നാം വേദഭാഗത്തിൽ നിന്നു പഠിക്കണം. ഒന്നോ ഒന്നിലധികമോ ക്രിസ്ത്യാനികൾ സഭായോഗത്തെ മനഃപൂർവ്വമായി മുടക്കി എന്നിരിക്കട്ടെ. സഭായോഗം ഉപേക്ഷയായി വിചാരിക്കുന്നവർ, മററു വിശ്വാസികൾക്കു മോശമായ മാതൃകയാണ് കൊടുക്കുന്നത്. വിശേഷിച്ചു പുതിയ അംഗങ്ങൾക്കും ബലഹീനർക്കും.

ആരും ഉദാസീനതയോ ഉപേക്ഷയോ വിചാരിച്ച് സഭായോഗത്തെ അവഗണിക്കരുത്. ആഴ്ച്ച വട്ടത്തിൻെറ ഒന്നാം നാളിലും, സഭ കൂടിവരുന്ന മററു സന്ദർഭങ്ങളിലും യഥാർത്ഥ ക്രിസ്ത്യാനികൾ കൂടിവരണം.

★

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

| | |
|---|---|
| **ENGLISH -** | The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.<br>All Correspondence should be sent to The Voice of Truth<br>Post Box. 3815 New Delhi-110 049 |
| **HINDI -** | Sathya Susamachar. Speaker - **Sunny David**<br>All Correspondence should be sent to<br>Sathya Susamachar,<br>Post Box. 3815 New Delhi- 110 049<br>Sundays: 8.45 to 9.00 p.m<br>Thursdays: 9.00 to 9.15 p.m. |
| **KANNADA -** | The Voice of Truth. Speaker - **Robert Rathnakar**<br>Box. 448, Bangalore - 560 004<br>Sundays: 1.45 to 2.00 pm. |
| **MALAYALAM -** | The Voice of Truth. Speaker - **P.K. Varghese**<br>All Correspondence should be sent to Church of Christ,<br>Post Box. 5540<br>Trivandrum 695 034, Kerala, India |
| **TAMIL -** | The Way of Truth. Speaker- **P.R.Swamy**<br>All Correspondence should be sent to The way of Truth,<br>Post Box 8405<br>Bangalore - 560 084 |
| **TELUGU -** | The Voice of Truth. Speaker- **Joshua Gootam**<br>All Correspondence should be sent to<br>The Voice of Truth, Post Box. 80, Kakinada 533 001<br>Sundays: 2.00 to 2.15 p.m.<br>Mondays: 2.00 to 2.15 p.m.<br>Tuesdays: 2.00 to 2.15 p.m.<br>Wednesdays: 2.00 to 2.15 p.m |

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these different languages from the addresses listed. Also Radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum.
Printed at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22 / 200

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South Indi

To

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378